**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 31** | **06-12-2022 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളെ പ്രോത്സാഹിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വ്യവസായ വികസനത്തിനുള്ള പശ്ചാത്തല സൗകര്യം ഒരുക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് വ്യവസായ വികസനത്തിന് ആവശ്യമായ പശ്ചാത്തല സൗകര്യവും വ്യവസായ സംരംഭകർക്ക് ആവശ്യമായ വ്യവസായ വാണിജ്യ നയത്തിൽ ഊന്നിയുള്ള പ്രോത്സാഹനവും സൗകര്യങ്ങളും നൽകുന്നത് വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, വ്യവസായ വികസന കോർപ്പറേഷൻ, കിൻഫ്ര, കെ-ബിപ്പ്, സിഡ്കോ തുടങ്ങിയ സർക്കാർ ഏജൻസികളുടെ ഏകോപനമായ പ്രവർത്തനത്തിലൂടെയാണ്.<br><br>സംസ്ഥാനത്ത് വ്യവസായ വികസനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, റോഡ് ഗതാഗതം, ചുറ്റുമതിൽ, ഗേറ്റ്, എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്, പവർ ഫീഡർ എന്നിങ്ങനെ സൗകര്യങ്ങൾ വ്യവസായ പാർക്കുകളിലും എസ്റ്റേറ്റു-കളിലും ഒരുക്കി ക്കൊടുക്കുന്നതിനു പുറമേ വ്യവസായ പാർക്കുകളിൽ ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് സംരംഭകർക്ക് അനുവദിച്ചു വരുന്നു. കൂടാതെ കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനു വേണ്ടി വ്യക്തികളുടെ/ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പദ്ധതിയും നിലവിലുണ്ട്.<br><br>വ്യവസായ പശ്ചാത്തല വികസനത്തിനായി കിൻഫ്ര താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി, കൊച്ചി, എറാണാകുളം പെട്രോ കെമിക്കൽ പാർക്ക്, എറാണാകുളം ഡിഫെൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട് ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, കാക്കഞ്ചേരി, മലപ്പുറം.<br><br>സ്പൈസസ് പാർക്ക്, ഇടുക്കി. |

| | | | |
|---|---|---|---|
| | | | അന്താരാഷ്ട്ര എക്സിബിഷൻ കം കൺവെൻഷൻ സെന്റർ, കാക്കനാട്, കൊച്ചി.<br><br>കണ്ണൂർ, കോഴിക്കോട്, ചേർത്തല എന്നീ സ്ഥലങ്ങളിൽ വ്യവസായ വളർച്ച കേന്ദ്രങ്ങൾ, തിരുവനന്തപുരം തോന്നയ്ക്കലിൽ ലൈഫ് സയൻസ് പാർക്ക്, ചേർത്തലയിലെ വ്യവസായ വളർച്ച കേന്ദ്രത്തിൽ മെഗാ ഫുഡ് പാർക്ക്, പാലക്കാട് കെ.എസ്.ഐ.ഡി.സി ഇൻവെസ്റ്റ്മെൻറ് സോൺ എന്നിവിടങ്ങളിൽ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കി വ്യവസായ സംരംഭകർക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അവസരം ഒരുക്കി കൊടുക്കുന്നു. കൂടാതെ കാസർഗോഡ് Industrial Space, അങ്കമാലിയിൽ Business Park, കുറ്റിയാടിയിൽ Industrial Park തുടങ്ങിയവ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.<br><br>വ്യവസായ വാണിജ്യ ഡയറക്ടറുടെ കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളും സിഡ്കോയുടെ കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളും കാലാനുസൃതമായ രീതിയിൽ ആധുനികവൽക്കരിക്കുന്നതിനും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും 'സിഡ്ബി'- യുടെ സഹായത്തോടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>കൂടാതെ സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിന്റെ ഭാഗമായി സ്വകാര്യ സംരംഭകർക്ക് ആവശ്യമായ സാങ്കേതിക സഹായവും സ്ഥലസൗകര്യവും നൽകുന്നതിന് പൊതുമേഖലാ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള ഒരു നൂതന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാന സർക്കാർ രൂപീകരിക്കുന്ന വ്യവസായ നയത്തിന് അനുസൃതമായി സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളെ പ്രോത്സാഹിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; നിലവിൽ അനുമതി നൽകിയ സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ എവിടെയൊക്കെയാണെന്ന് അറിയിക്കാമോ; അവ എത്ര തുകയുടെ നിക്ഷേപം ആകർഷിക്കുമെന്നും എത്ര തൊഴിലുകൾ സൃഷ്ടിക്കാനിടയുണ്ടെന്നുമാണ് വിലയിരുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | (ബി) | കേരള ഭൂപരിഷ്കരണ നിയമത്തിലെ ഇളവുകൾ അനുവദിച്ചുകൊണ്ട് സ്വകാര്യ വ്യവസായ പാർക്കുകൾ അനുവദിക്കുന്നതിനും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ അനുവദിച്ച് നൽകുന്നതിനുമുള്ള നിർദ്ദേശം കരട് വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>നിലവിൽ അനുമതി നൽകിയ സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ കണ്ണൂർ, മലപ്പുറം, കോട്ടയം, പാലക്കാട് എന്നീ ജില്ലകളിലാണ്.<br><br>ഈ സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിലൂടെ 58 കോടി രൂപയുടെ നിക്ഷേപവും 3950 തൊഴിലവ |

| | | | |
|---|---|---|---|
| | | | സരങ്ങളും സൃഷ്ടിക്കാനിടയുണ്ടെന്ന് വിലയിരുത്തുന്നു. |
| (സി) | സ്വകാര്യ വ്യവസായ പാർക്കുകൾ സ്ഥാപിക്കാനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | (സി) | സംസ്ഥാനത്ത് പത്ത് ഏക്കറോ അതിലധികമോ വരുന്നതും വ്യവസായത്തിന് അനുയോജ്യ മായതുമായ ഭൂമിയിൽ ചെറുകിട വ്യവസായ സംരംഭകരുടെ കൂട്ടായ്മ, സഹകരണ സ്ഥാപനങ്ങൾ, കൂട്ടടമ സംരംഭകർ, ചാരിറ്റബിൾ സൊസൈറ്റികൾ, കമ്പനികൾ മുതലായവർക്ക് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് തുടങ്ങുന്നതിന് അപേക്ഷ നൽകാവുന്നതാണ്. അപേക്ഷ ഓൺലൈനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ വെബ് പോർട്ടലിലൂടെ സമർപ്പിക്കാം. ടി അപേക്ഷകൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് തലത്തിൽ പരിശോധിച്ച് സർക്കാരിൽ സമർപ്പിക്കുമ്പോൾ വകുപ്പുതല സെക്രട്ടറിമാർ ഉൾപ്പെടുന്ന ഉന്നത സമിതി പരിശോധിച്ച് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് ഡവലപ്പർ പെർമിറ്റിന് അനുമതി നൽകും.<br><br>15 ഏക്കറിനുമുകളിലുള്ള ഭൂമിയിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് 1963-ലെ ഭൂപരിഷ്കരണ നിയമപ്രകാരമുള്ള ഇളവ് അനുവദിച്ചുകൊണ്ടും ജില്ലാകളക്ടർ ചെയർമാനായ ജില്ലാതല പരിശോ-ധനാകമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ നിർദ്ദേശങ്ങൾ പരിശോധിച്ച് തീരുമാനമെടുക്കു-ന്നതിന് മന്ത്രിതല കമ്മിറ്റിയെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ